# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2942

07.02.2018-ൽ മറുപടിക്ക്

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം. സ്വരാജ്** | **ശ്രീ.ജി.സുധാകരൻ** (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ എത്ര രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്ന് അറിയിക്കുമോ; ഇവയുടെ വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ; | എ) രജിസ്ട്രേഷൻ വകുപ്പിൽ ചുവടെ പറയുന്ന 106 സബ് രജിസ്ട്രാർ ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്നു.<br>1. തിരുവനന്തപുരം - 17<br>2. കൊല്ലം - 9<br>3. പത്തനംതിട്ട – 7<br>4. ആലപ്പുഴ – 7<br>5. കോട്ടയം - 14<br>6. ഇടുക്കി - 4<br>7. എറണാകുളം - 3<br>8. തൃശ്ശൂർ - 6<br>9. പാലക്കാട് - 7<br>10. മലപ്പുറം - 13<br>11. കോഴിക്കോട് - 12<br>12. വയനാട് - 3<br>13. കണ്ണൂർ - 3<br>14. കാസർഗോഡ് - 1 |
| ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന രജിസ്ട്രേഷൻ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) എങ്കിൽ വിശദാംശം അറിയിക്കുമോ? | സി) തിരുവനന്തപുരം ജില്ലയിൽ 17 ആഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. കന്യാകുളങ്ങര, മലയിൻകീഴ്, വെങ്ങാനൂർ, വിതുര എന്നീ 4 ആഫീസുകൾക്ക് സ്വന്തമായി സ്ഥലം ലഭിച്ചിട്ടുണ്ട്. വെങ്ങാനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ പണി പുരോഗമിക്കുന്നുണ്ട്. വിതുര സബ് രജിസ്ട്രാർ ഓഫീസിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കന്യാകുളങ്ങര, മലയിൻകീഴ് എന്നീ ഓഫീസുകകൾ കിഫ്ബിയുടെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു. |

കൊല്ലം ജില്ലയിലെ ചിതറ സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തനത്തിന് സ്ഥലം ലഭ്യമായിട്ടുണ്ട്. നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ പണി പുരോഗമിച്ചു വരുന്നു.

ഇടുക്കി ജില്ലയിലെ തോപ്രാംകുടി സബ് രജിസ്ട്രാർ ഓഫീസിന് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ആയത് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നു.

തൃശ്ശൂർ ജില്ലയിലെ വാടാനപ്പിള്ളി, അന്തിക്കാട് എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ പണി നടന്നു വരുന്നു.

പാലക്കാട് ജില്ലയിലെ കുഴൽമന്ദം, കുമരനല്ലൂർ, വടക്കഞ്ചേരി എന്നീ മൂന്ന് സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്ഥലം ലഭിച്ചിട്ടുണ്ട്. അതിൽ കുമരനല്ലൂർ ഓഫീസിന്റെ പണി ആരംഭിച്ചിട്ടുണ്ട്. വടക്കാഞ്ചേരി, കുഴൽമന്ദം ഓഫീസുകളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മേലാറ്റൂർ, മൂർക്കനാട് എന്നീ രണ്ട് ഓഫീസുകൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്. മക്കരപ്പറമ്പ് സബ് രജിസ്ട്രാർ ഓഫീസിന് സ്ഥലവും, കെട്ടിടവും സ്വകാര്യ വ്യക്തിദാനമായി നൽകിയിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കക്കോടി, തൂണേരി, വെസ്റ്റ്ഹിൽ എന്നീ മൂന്ന് സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്ഥലം ലഭിച്ചിട്ടുണ്ട്. അതിൽ കക്കോടി, തൂണേരി സബ് രജിസ്ട്രാർ ഓഫീസുകളുടെ കെട്ടിട നിർമ്മാണ പണി ആരംഭിച്ചിട്ടുണ്ട്. വെസ്റ്റ്ഹിൽ സബ് രജിസ്ട്രാർ ഓഫീസ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ സബ് രജിസ്ട്രാർ ഓഫീസിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ ഉദുമ ഓഫീസിന് സ്ഥലം ലഭിച്ചിട്ടുണ്ട്. ആയത് കിഫ്ബിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**